LIBRARY ARCHIVES Kerala Legislative Assembly

വെങ്ങര റെയിൽവെ ഓവർ ബ്രിഡ്ജ്

79 (828) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ അംഗീകാരം ലഭിച്ച കണ്ണൂർ ജില്ലയിലെ വെങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും റെയിൽവേ ലൈനിന് മുകളിൽ വരുന്ന ഭാഗത്തിന്റെ അലൈൻമെന്റ് റെയിൽവേ അംഗീകരിച്ച് നൽകിയാൽ മാത്രമേ പ്രവൃത്തി തുടങ്ങാനാവശ്യമായ പൂർണ്ണ ഡിസൈൻ സ്ട്രായിംഗ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭ്യമാവുകയുള്ളൂ. ഇത് ലഭ്യമായാൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ.

തൃപ്പൂണിത്തുറ നഗരവും കൊച്ചി നഗരസഭയുമായി ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം

80 (829) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നഗരത്തെ കൊച്ചി നഗരസഭയുമായി ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം അടച്ചിട്ട് രണ്ട് വർഷമായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലം അറ്റകുറ്റപ്പണികൾ ചെയ്ത് സഞ്ചാര യോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; ഈ പാലം അറ്റകുറ്റപ്പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

നടത്തിയിട്ടുണ്ട്. വർഷങ്ങൾ പഴക്കമുള്ള ഇരുമ്പുപാലത്തിന്റെ പല ഭാഗങ്ങൾക്കും കാലപ്പഴക്കംമൂലം സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലത്തിന്റെ ജോയിന്റുകളും സ്റ്റീൽബീമുകളും മറ്റുഭാഗങ്ങളും അപകടകരമാംവിധം തുരുമ്പെടുക്കുകയും വിള്ളൽ വീഴുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ ഫൗണ്ടേഷന് ചരിവ് സംഭവിക്കുകയും തന്മൂലം പാലത്തിന്റെ ഘടനയിൽ മാറ്റം വരികയും ചെയ്തിട്ടുണ്ട്. കൂടാതെ പാലത്തിന്റെ നടപ്പാതയിൽ സ്റ്റീൽ പ്ലേറ്റുകൾ തുരുമ്പെടുത്ത് ദ്രവിച്ച നിലയിലുമാണ്. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 2018-ൽ പാലം പരിശോധിക്കുകയും പാലത്തിൽ കൂടി ഇരുചക്രം ഒഴികെയുള്ള വാഹന ഗതാഗതം നിരോധിക്കുവാൻ ഉത്തരവ് നൽകുകയും ചെയ്തു. തുടർന്ന് പാലത്തിന്റെ അപകടാവസ്ഥ എറണാകുളം പാലം വിഭാഗം ജില്ലാ ഭരണ കൂടത്തിന് റിപ്പോർട്ട് ചെയ്യുകയും, ജില്ലാ കളക്ടറുടെ